

# കാറളം ഹോളി ട്രിനിറ്റി ഇടവക

ഇരിങ്ങാലക്കുട രൂപതയുടെ വടക്കേ അതിർത്തിയായ കരുവന്നൂർ പുഴയുടെ തെക്കേ തീരത്ത് കാറളം പഞ്ചായത്തിന്റെ ഹൃദയഭാഗത്താണ് ഹോളി ട്രിനിറ്റി ദേവാലയം സ്ഥിതിചെയ്യുന്നത്. പരി. കന്യകാമാതാവിന്റെ നാമധേയത്തിൽ കാറളം സെന്ററിൽ നിന്ന് നീങ്ങി കിഴക്കും (എളംപുഴ) പടിഞ്ഞാറുഭാഗങ്ങളിലായി നിലവിലിരുന്ന രണ്ട് ഇടവകക്കാർ സംയോജിച്ച് 1985 ആഗസ്റ്റ് 15-ാം തിയ്യതി രൂപംകൊണ്ടതാണ് പരി. ത്രിത്വത്തിന്റെ നാമധേയത്തിലുള്ള ഇപ്പോഴത്തെ കാറളം ഇടവക.

## സെന്റ് മേരീസ് കിഴക്കേ പള്ളി

മൂർക്കനാട് പള്ളിയുടെ പരിധിയിൽ പെട്ടതായിരുന്നു, കറളം (എളംപുഴ) കിഴക്ക് ഭാഗം. അന്ന് മൂർക്കനാട് പള്ളി വികാരിയായിരുന്ന റവ. ഫാ. ആന്റണി കാവുങ്ങലിന്റെ നേതൃത്വത്തിൽ പ്രസ്തുത ഇടവകക്കാരായ കാറളം (എളംപുഴ) നിവാസികൾ 1910-15 കാലഘട്ടത്തിൽ പള്ളിക്കുവേണ്ടിയുള്ള പ്രാരംഭ പരിശ്രമം നടത്തി. മേല്പറഞ്ഞ 26 വീട്ടുകാർ ചേർന്ന് ഒരേക്കർ പണ്ടാരവക ഭൂമി പള്ളിയുടെയും സിമിത്തേരിയുടെയും ആവശ്യത്തിനുവേണ്ടി വാങ്ങി. അതിന് നേതൃത്വം നല്കിയത് ചാക്കേരി ലോനപ്പൻ എന്നയാളാണ്. അവിടെ ഒരു കപ്പേള പണിത് സമൂഹപ്രാർത്ഥനയും മെയ് മാസത്തിൽ മാതാവിന്റെ വണക്കമാസ തിരുനാളും മുടങ്ങാതെ നടത്തിപ്പോന്നു.

പിന്നീട്, മാർ ഫ്രാൻസിസ് വാഴപ്പിള്ളി തിരുമേനി തൃശ്ശൂർ രൂപത മെത്രാനായിരിക്കെ പൂത്തൂർ ബഹു. കുര്യക്കാസോച്ചൻ 1924-ൽ മൂർക്കനാട് പള്ളി വികാരിയായി നിയമിതനായി. അദ്ദേഹത്തിന്റെയും എളംപുഴ നിവാസികളുടെയും നിവേദനങ്ങളുടെയും ഫലമായി അവിടത്തെ കപ്പേള വലുതാക്കുകയും അതിനോടു ചേർന്ന് നടപ്പുര പണിയുകയും ചെയ്തു. അതോടൊപ്പം സിമിത്തേരിയും അനുവദിച്ചുകിട്ടി. പള്ളിയുടെ ദൈനംദിനത്തിനുവേണ്ട സംഖ്യക്ക് വീട്ടുകാർ ചേർന്ന് ബിഷപ്പിന്റെ പക്കൽ കച്ചീട്ട് നല്കി. അതനുസരിച്ച് വിശുദ്ധ കുർബാനയ്ക്കുള്ള അനുവാദം ലഭിച്ചു. അന്നത്തെ വികാരി ജനറാൾ മോൺ. മാത്യു എടക്കളത്തൂർ അച്ചൻ 1927 ജനുവരി 13-ന് (1103 മകരം 13) പള്ളി വെഞ്ചരിച്ച് ആദ്യമായി വിശുദ്ധ കുർബാനയർപ്പിച്ചു. മൂർക്കനാട് പള്ളി വികാരിയായിരുന്ന റവ. ഫാ. കുര്യാക്കോസ് പുത്തൂരിന് ഈ പള്ളിയുടെയും ചുമതല ഏല്പിച്ചു.



ഇടവക കാര്യാലയം

അങ്ങനെ, ഞായറാഴ്ചകളിലും കടമുള്ള ദിവസങ്ങളിലും ഇവിടം വി. ബലിയർപ്പിക്കുന്നതിനും ആവശ്യാനുസരണം കൂദാശകൾ പരികർമ്മം ചെയ്യുന്നതിനും മറ്റുമുള്ള അനുവാദവും നല്കി. അതോടെ ഇടവകയായി ഉയർത്തി. റവ. ഫാ. ജോർജ്ജ് പുതുശ്ശേരി അച്ചന്റെ കാലഘട്ടത്തിൽ പള്ളിയുടെ സാമ്പത്തിക നില ഭദ്രമാക്കുന്നതിനുവേണ്ടി പള്ളിയിൽ നിന്ന് നേരിട്ട് കുറികൾ ലാഭകരമായി നടത്തി. ഈ പള്ളിയുടെ കീഴിലുണ്ടായിരുന്ന സ്ഥാവരവസ്തുക്കളിൽ സിംഹഭാഗവും അക്കാലത്ത് ആർജ്ജിച്ചവയാണ്. 50 കുടുംബങ്ങളുണ്ടായിരുന്ന ഈ ഇടവക1986-ലെ സംയോജനംവരെ മൂർക്കനാട് പള്ളിയുടെ നടത്തുപള്ളിയായിരുന്നു. ബഹു. വർഗ്ഗീസ് അരിക്കാട്ടച്ചനായിരുന്നു അന്നത്തെ വികാരി. നേരത്തെ പഴുവിൽ ഫൊറോനയിൽ പെട്ടിരുന്ന ഈ പള്ളി ഇരിങ്ങാലക്കുട രൂപതയുടെ രൂപീകരണത്തിന് ഏതാനും വർഷം മുമ്പ് സൗകര്യാർത്ഥം ഇരിങ്ങാലക്കുട ഫൊറോനയിലേക്ക് മാറ്റുകയുണ്ടായി.

## സെന്റ് മേരീസ് പടിഞ്ഞാറെ പള്ളി

പരി. കന്യകാമാതാവിന്റെ നാമധേയത്തിൽ തന്നെയായിരുന്നു കാറളം പടിഞ്ഞാറെ പള്ളിയും. കാറളം ദേശവാസികളായിരുന്ന പഴുവിൽ, ചിറയ്ക്കൽ എന്നീ ഇടവകകളിൽപെട്ട ക്രൈസ്തവ കുടുംബങ്ങൾ ചേർന്ന് 1903 ദേവാലയത്തിനുവേണ്ടി ഒന്നര ഏക്കർ സ്ഥലം തീറുവാങ്ങി. അവിടെ ഓലമേഞ്ഞ കപ്പേളയിൽ സമൂഹപ്രാർത്ഥനയും മാതാവിന്റെ വണക്കമാസ തിരുന്നാളും നടത്തിപ്പോന്നു. പിന്നീട് ഓടിട്ട കപ്പേളയായിത്തീർന്ന ഈ പ്രാർത്ഥനാലയത്തെ 1930-ൽ പഴുവിൽ പള്ളിയുടെ കുരിശുപള്ളിയാക്കി. ക്രമേണ, 1941-ൽ അന്ന് പഴുവിൽ വികാരിയായിരുന്ന പെരി. ബഹു. ജോർജ്ജ് ആലപ്പാട്ട് അച്ചന്റെ (പിന്നീട് തൃശ്ശൂർ ബിഷപ്പ് മാർ ജോർജ്ജ് ആലപ്പാട്ട്) പരിശ്രമ ഫലമായിട്ടാണ് ആണ്ടിൽ 6 കുർബാനവീതം അനുവദിച്ചതും സിമിത്തേരി ശരിയാക്കിയതും. തുടർന്ന്, മാസത്തിൽ 2 കുർബാന വീതമായി. 1950-ൽ പെരി. ബഹു. തെക്കിനിയത്ത് അന്തോണിയച്ചൻ പഴുവിൽ വികാരിയായിരിക്കെയാണ് എല്ലാ ഞായറാഴ്ചകളിലും ഇവിടെ കുർബാന ലഭിച്ചുതുടങ്ങിയത്. മാമ്മോദീസ, വിവാഹം, ശവസംസ്കാരം തുടങ്ങിയവയൊക്കെ ഈ പള്ളിയിൽ നടത്തിയിരുന്നു. 1962-63 കാലഘട്ടത്തിൽ പെരി. ബഹു. പീറ്റർ കുണ്ടുകുളം അച്ചന്റെ ഉത്സാഹത്താൽ പഴുവിൽ പള്ളിയിൽ നിന്നുള്ള സാമ്പത്തിക സഹായത്തോടെ പള്ളി പൊളിച്ച് പുതുക്കിപ്പണിതു. അനന്തരം പെരി. ബഹു. അഗസ്റ്റിൻ തട്ടിലച്ചന്റെ നേതൃത്വത്തിൽ (1971-73) പഴുവിൽ പള്ളിയുടെ സഹായത്താൽ വൈദിക മന്ദിരം പണികഴിക്കുകയുണ്ടായി. ഇരിങ്ങാലക്കുട രൂപതയുടെ ഉദ്ഘാടനം വരെ പഴുവിൽ പള്ളിയുടെ കുരിശുപള്ളിയായി നിലനിന്നിരുന്ന ഇവിടത്തെ ചെലവുകൾക്കുവേണ്ടി പഴുവിൽ പള്ളിയുടെ വകയായി ഈ ഭാഗത്തുണ്ടായിരുന്ന ഒരു പറമ്പും വിട്ടുതന്നിരുന്നു. രൂപത നിലവിൽ വന്ന ശേഷം രണ്ട് വർഷം സ്വതന്ത്ര കുരിശുപള്ളിയായി തുടർന്നു. ഇരിങ്ങാലക്കുട രൂപതാദ്ധ്യക്ഷൻ മാർ ജെയിംസ് പഴയാറ്റിൽ തിരുമേനിയുടെ കല്പന പ്രകാരം 1980 ഡിസംബർ 8-ാം തിയ്യതി ഈ പള്ളിയെ ഒരിടവകയായി ഉയർത്തി. 1981 മുതൽ ബഹു. ജോസ് മഞ്ഞളിയച്ചൻ സ്ഥിരം വികാരയായി സേവനം ആരംഭിച്ചു. 63 കുടുംബങ്ങളുള്ള ഈ ഇടവക എടത്തിരുത്തി ഫൊറോനയുടെ കീഴിലായിരുന്നു.

## മതബോധനഹാൾ

ആദ്യകാലങ്ങളിൽ പള്ളിയിലും പരിസരത്തുമായിട്ടാണ് മതബോധന ക്ലാസ്സുകൾ നടത്തിയിരുന്നത്. അനന്തരം പള്ളിയുടെ പടിഞ്ഞാറ് ഭാഗത്തായി പുതിയ മതബോധന ഹാൾ പണിത് സൗകര്യപ്രദമാക്കി.



മതബോധന ഹാൾ

## സംയോജനം - ഹോളി ട്രിനിറ്റി പള്ളി

ഇരിങ്ങാലക്കുട രൂപത നിലവിൽ വന്ന കാലം മുതൽ ചെറിയ തോതിൽ ഉണ്ടായിരുന്ന ഒരു ചിന്തയാണ് കാറളത്തെ ക്രൈസ്തവ സമൂഹങ്ങളുടെ സംയോജനം. രണ്ട് ഇടവകകളുടെയും പശ്ചാത്തലം വ്യത്യസ്ത

മായിരുന്നു. എങ്കിലും, കാറളം പടിഞ്ഞാറെ പള്ളിയിൽ ബഹു. ജോസ് മഞ്ഞളിയച്ചനും (1981 ജനുവരി മുതൽ) കാറളം കിഴക്കേ പള്ളി (എളംപുഴ) വികാരിയായി മൂർക്കനാട് പള്ളി വികാരിയായിരുന്ന ബഹു. വർഗ്ഗീസ് അരിക്കാട്ട് (Sr.) അച്ചനും (1981 മുതൽ) സേവനമനുഷ്ഠിച്ചിരുന്ന കാലഘട്ടം. ദീർഘകാലം തുടർച്ചയായി നടത്തിയ ആലോചനായോഗങ്ങളുടെ പരിസമാപ്തിയായി രണ്ട് ഇടവകക്കാരുടെയും വിശാലമനസ്കതയുടെ ഫലമായി പൊതുധാരണയിലെത്തി. രൂപതയിലെ പ്രോത്സാഹനവും അംഗീകാരവും ലഭിച്ചു. അതനുസരിച്ച് അഭിവന്ദ്യപിതാവിന്റെ നിർദ്ദേശാനുസരണം കൂട്ടായ്മയുടെ പ്രതീകമായി പരി. ത്രിത്വത്തിന്റെ നാമധേയത്തിൽ പുതിയ ഇടവകയ്ക്ക് രൂപം നല്കാൻ തീരുമാനിച്ചു. ഇതിനുവേണ്ടി സൗകര്യപ്രദമായ സ്ഥലം കണ്ടെത്തി കാറളം ജംഗ്ഷനിൽ നിന്ന് അല്പം കിഴക്കുമാറി വാങ്ങിയ സ്ഥലത്ത് മെയിൻ റോഡിന് അഭിമുഖമായി പുതിയ പള്ളി പണിയാനും നിശ്ചയിച്ചു.

ഇപ്രകാരം 1985 ആഗസ്റ്റ് 15-ാം തിയ്യതി താത്ക്കാലിക സംവിധാനങ്ങളോടുകൂടി അഭിവന്ദ്യപിതാവിന്റെ കല്പനപ്രകാരം പരി. ത്രീത്വത്തിന്റെ നാമധേയത്തിൽ പുതിയ ഇടവക നിലവിൽവന്നു. സംയോജനത്തിന്റെ സൂത്രധാരകരായിരുന്ന ബഹു. ജോസ് മഞ്ഞളിയച്ചൻ വികാരിയായും, ബഹു. വർഗ്ഗീസ് അരിക്കാട്ടച്ചൻ സഹവികാരിയുമായി നിയമിതരായി. ആകെ 120 കുടുംബങ്ങളാണ് സംയോജനവേളയിൽ ഉണ്ടായിരുന്നത്. ഇന്ന് ഈ ഇടവകയിൽ 6 യൂണിറ്റുകളിലായി 185 കുടുംബങ്ങളുണ്ട്.



സെന്റ് മേരീസ് കപ്പേള (പടിഞ്ഞാറ്)



സെന്റ് ആന്റണീസ് കപ്പേള

## പുതിയ പള്ളി

1987-ൽ ബഹു. വിൻസന്റ് ചെമ്പകശ്ശേരി അച്ചൻ പുതിയ വികാരിയായി നിയമിതനായി. അദ്ദേഹത്തിന്റെ ശ്രമഫലമായി പള്ളിയുടെ പണികൾ ഭംഗിയായി പൂർത്തീകരിക്കുകയും 1989 ഡിസംബർ 23-ാം തിയ്യതി അഭിവന്ദ്യ ജെയിംസ് പഴയാറ്റിൽ പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ ദേവാലയ പ്രതിഷ്ഠാകർമ്മം നടത്തുകയും ചെയ്തു. സമീപത്തായി ക്രമേണ വൈദികമന്ദിരം പണിതീർന്നപ്പോൾ വെഞ്ചരിപ്പുകർമ്മം നടത്തി ബഹു. വികാരയച്ചൻ അവിടെ താമസമാക്കി. നേരത്തെ ഇരുപള്ളികളുടെയും സമീപം സിമിത്തേരി നിലവിലുണ്ടായിരുന്നതിനാൽ പ്രസ്തുത സിമിത്തേരികൾ ആവശ്യാനുസരണം തുടർന്ന് ഉപയോഗിക്കുന്നതിന് അഭിവന്ദ്യപിതാവ് അനുവാദം നല്കി. കാറളം കിഴക്കേ പള്ളി പിന്നീട് പൊളിച്ചുമാറ്റിയപ്പോൾ അവിടെ ഒപ്പീസ് ചൊല്ലുന്നതിനും മറ്റും സൗകര്യത്തിനുവേണ്ടി ഒരു കപ്പേള പണിയുകയുണ്ടായി.

## കപ്പേളകൾ

1945-ൽ പടിഞ്ഞാറെ പള്ളിയുടെ നേതൃത്വത്തിൽ നിർമ്മിച്ചതാണ് സെന്ററിലുള്ള വിശുദ്ധ അന്തോണീസിന്റെ കപ്പേള. സംയോജനത്തിനുശേഷം പുതിയ പള്ളിയുടെ മുൻഭാഗത്ത് മെയിൻ റോഡിനോടു ചേർന്ന് ഒരു കപ്പേള പണിയുകയുണ്ടായി.



സെന്റ് മേരീസ് കപ്പേള (കിഴക്ക്)